പതിനഞ്ചാം കേരള നിയമസഭ

ബുള്ളറ്റിൻ ഭാഗം–2

2023 ഏപ്രിൽ 12

നമ്പർ:383

**ശ്രീ.കെ.ബി.ഗണേഷ് കുമാർ, എം.എൽ.എ. ശ്രീ.ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്.**

തന്റെ നിയോജക മണ്ഡലത്തിൽപെട്ട വിധവയും നിർധനയുമായ ഒരു സ്ത്രീക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരിൽ നിന്നുമുണ്ടായ ക്രൂരമായ അവഗണനയെക്കുറിച്ച് പരാമർശിച്ചു കൊണ്ട് താൻ നിയമസഭയിൽ 13.03.2023-ന് നടത്തിയ പ്രസംഗത്തിന്റെ പേരിൽ, കേരള ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ ( KGMCTA TVM Official) എന്ന പേരിലുള്ള വാട്സ് ആപ്പ് കൂട്ടായ്മയിലും , ഹാരിസ് ചിറയ്ക്കൽ എന്നയാളുടെ ഫേസ് ബുക്ക് പേജിലും (Haris Chirackal) മറ്റ് സാമൂഹിക മാധ്യമ പേജുകളിലും തന്നെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു വരുന്നതായും, ഏറ്റവും കൂടുതൽ അസഭ്യ പ്രചരണം നടത്തിയ ഹാരിസ് ചിറയ്ക്കൽ എന്ന വ്യക്തി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം ഡോക്ടറാണെന്നും, നിയമസഭയ്ക്കുള്ളിൽ താൻ നടത്തിയ പ്രസംഗത്തെ ഇത്തരത്തിൽ അധിക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു ടിയാനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും കാണിച്ച് ശ്രീ.കെ.ബി.ഗണേഷ് കുമാർ, എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ പ്രിവിലേജസ് , എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 24.03.2023-ന് റഫർ ചെയ്തിരിക്കുന്നു.

എ. എം. ബഷീർ,

സെക്രട്ടറി.